Page 1 of 2

LIBRARY ARCHIVES Kerala Legislative Assembly

അടങ്കൽ തുകയുള്ള പദ്ധതി നടപ്പിലാക്കി വരുന്നു. അതോടൊപ്പം ഓഖി ദുരന്തബാധിതർക്കായി 120 FRP ബോട്ടുകൾ വിതരണം ചെയ്യുന്നതിനുള്ള പദ്ധതിയും നടപ്പിലാക്കി വരുന്നു. മത്സ്യത്തൊഴിലാളികൾക്ക് GPS, VHF Radio, DAT എന്നിവ 75% സബ്സിഡിയോടെ നൽകുന്നതിനുള്ള Sea Safety Equipments to Traditional Fishing Crafts പദ്ധതി. മത്സ്യത്തൊഴിലാളികൾക്ക് GPS, VHF Radio, DAT എന്നിവ 75% സബ്സിഡിയോടെ നൽകുന്നതിനുള്ള പദ്ധതി എന്നിവ നടപ്പിലാക്കി വരുന്നു. മത്സ്യത്തൊഴിലാളികളെ ആഴക്കടൽ മത്സ്യബന്ധനത്തിന് പ്രാപ്തരാക്കാൻ ഉതകുമാറ് ആഴക്കടൽ മത്സ്യബന്ധന ബോട്ടുകൾ നൽകുന്ന പദ്ധതി ആദ്യഘട്ടത്തിൽ പ്രധാനമന്ത്രി മത്സ്യ സമ്പദ് യോജന പദ്ധതി (PMMSY) പ്രകാരം 10 ബോട്ടുകൾക്ക് അനുമതി ലഭിച്ച് പദ്ധതി പ്രവർത്തനങ്ങൾ ആരംഭിച്ചു.

(ഡി) ഇത് കാലോചിതമായി വർദ്ധിപ്പിക്കുന്നതിന് ആലോചിക്കുന്നുണ്ടോ യെന്ന് വ്യക്തമാക്കുമോ?

ഇപ്പോൾ പരിഗണനയിൽ ഇല്ല.

മത്സ്യത്തൊഴിലാളി മേഖലയിലെ ക്ഷേമ നടപടികൾ

260(566) ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമ്പത്തികവും സാമൂഹികവും വിദ്യാഭ്യാസപരവുമായി താരതമ്യേന പിന്നോക്കം നിൽക്കുന്ന മത്സ്യത്തൊഴിലാളി മേഖലയിലെ ക്ഷേമത്തിനുവേണ്ടി 2021-22 സാമ്പത്തിക വർഷത്തിൽ ആകെ എത്ര കോടി രൂപയാണ് ചെലവഴിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

സാമ്പത്തികവും സാമൂഹികവും വിദ്യാഭ്യാസപരവുമായി താരതമ്യേന പിന്നോക്കം നിൽക്കുന്ന മത്സ്യത്തൊഴിലാളി മേഖലയിലെ ക്ഷേമത്തിനുവേണ്ടി 2021-22 സാമ്പത്തിക വർഷത്തിൽ ചെലവഴിക്കാൻ ഉദ്ദേശിക്കുന്ന തുക സംബന്ധിച്ചുള്ള വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(ബി) തീരദേശ വികസനം, ഫിഷിംഗ് ഹാർബറുകളുടെ വികസനം, കടൽഭിത്തി നിർമ്മാണം, ആശുപത്രികളും സ്കൂളുകളും സ്ഥാപിക്കൽ, മാർക്കറ്റുകൾ എന്നിവയ്ക്ക് എത്ര കോടി രൂപ വീതം ചെലവഴിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly

കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന 2021-22-ൽ നടപ്പിലാക്കുന്ന പദ്ധതികളുടെ അടങ്കൽ തുകയുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.* ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിന്റെ കീഴിൽ കോഴിക്കോട് ജില്ലയിലെ വെള്ളയിൽ ഫിഷിംഗ് ഹാർബറിന്റെ വികസനത്തിനായി 1005 ലക്ഷം രൂപയും ആലപ്പുഴ ജില്ലയിലെ വലിയഴീക്കൽ ഫിഷ് ലാന്റിംഗ് സെന്ററിന്റെ വികസനത്തിനായി 1510 ലക്ഷം രൂപയുടേയും മലപ്പുറം ജില്ലയിലെ താനൂർ ഫിഷിംഗ് ഹാർബറിന്റെ വികസനത്തിനായി 1220 ലക്ഷം രൂപയുടേയും എറണാകുളം ജില്ലയിലെ ചെല്ലാനം ഫിഷിംഗ് ഹാർബറിന്റെ വികസനത്തിനായി 1225 ലക്ഷം രൂപയുടേയും എസ്റ്റിമേറ്റുകൾ തയ്യാറാക്കുകയും DPR എന്നിവ നബാർഡ്-XXVII-ൽ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. ഇതുകൂടാതെ ഫിഷിംഗ് ഹാർബറുകളുടെ കെട്ടിടങ്ങൾ ഉൾപ്പെടെയുള്ളവയുടെ അറ്റകുറ്റപ്പണികൾക്കായി 2.25 കോടി രൂപ, ഫിഷിംഗ് ഹാർബറുകളുടെ Capital repairs & maintenance dredging-നായി 9 കോടി രൂപ, തീരദേശ റോഡുകൾക്കായി 80 കോടിരൂപ, ഫിഷിംഗ് ഹാർബറുകളുടെ മേജർ അഡീഷണൽ പ്രവർത്തികൾക്കായി 3 കോടി രൂപ, ശുചിത്വ സാഗരം പദ്ധതിക്കായി 49.9 ലക്ഷം രൂപ എന്നിങ്ങനെ ബഡ്ജറ്റിൽ അനുവദിച്ചിട്ടുണ്ട്.

(സി) വൈപ്പിൻ നിയോജകമണ്ഡലത്തിൽ മത്സ്യമേഖലയിൽ നടപ്പാക്കാൻ ഉദ്ദേശിക്കുന്ന പുതിയ വികസന പദ്ധതികൾ എന്തെല്ലാമാണ്; പ്രവൃത്തികൾ നടന്നു വരുന്ന പദ്ധതികൾ ഏതെല്ലാമെന്നും അവയുടെ പുരോഗതി എന്തെന്നും വിശദമാക്കാമോ?

വൈപ്പിൻ നിയോജകമണ്ഡലത്തിൽ - ഇന്റഗ്രേറ്റഡ് അക്വാ പാർക്ക് സ്ഥാപിക്കുന്നതിനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ നടന്നുവരുന്നു. എറണാകുളം ജില്ലയിൽ ഫിഷറീസ് വകുപ്പ് നടത്തിയ സർവ്വേ പ്രകാരം വൈപ്പിൻ മുതൽ മുനമ്പം വരെയുള്ള തീരപ്രദേശത്ത് 382 കുടുംബങ്ങൾ താമസിക്കുന്നതായി കണ്ടെത്തിയിരുന്നു. ഇതിൽ പുനർഗേഹം പദ്ധതിക്കായി അപേക്ഷ സമർപ്പിച്ചവരിൽ 35 പേരെ ജില്ലാതല അപ്രൂവൽ കമ്മിറ്റി ഗുണഭോക്താക്കളായി അംഗീകരിച്ചിരുന്നു. ഇതിൽ 10 ഗുണഭോക്താക്കൾ കണ്ടെത്തിയ സ്ഥലങ്ങളുടെ രജിസ്ട്രേഷൻ പൂർത്തീകരിച്ചിട്ടുള്ളതും ഭവന നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നതുമാണ്.